# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 360
## 14.07.2015-ലെ മറുപടിക്ക്
## ഇ-ട്രഷറി സംവിധാനം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. സി.പി. മുഹമ്മദ് | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | ഇ- ട്രഷറി സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സർക്കാരിലേക്കുള്ള പണം ഒടുക്കലുകൾ ഓൺലൈനായി നിർവ്വഹിക്കുന്നതിന് സൗകര്യമൊരുക്കുന്ന ഇ- ട്രഷറി സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിക്കഴിഞ്ഞു. നെറ്റ് ബാങ്കിംഗ് അക്കൗണ്ടുള്ള ഉപഭോക്താക്കൾക്ക് ട്രഷറി സന്ദർശിക്കാതെ തന്നെ ലോകത്തെവിടെനിന്നും ഏതു സമയത്തും ഓൺലൈനായി ഗവൺമെന്റിലേക്ക് പണമടക്കുവാൻ ഇതുവഴി സാധിക്കുന്നു. സർക്കാരിന്റെ വിവിധ സേവനങ്ങൾ ലഭിക്കുന്നതിനായി ഇ- ട്രഷറിയിൽ നിന്ന് ലഭിക്കുന്ന ഇ-ചലാൻ ബന്ധപ്പെട്ട അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ മതിയാകും. ഇ-ട്രഷറി സംവിധാനത്തിന്റെ വിശദമായ നടപടിക്രമങ്ങൾ 30.7.2014 ലെ സ.ഉ.(പി)നം.310/2014/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. യാതൊരുവിധ സർവീസ് ചാർജ്ജുകളോ അധിക ചാർജ്ജുകളോ ഇല്ലാത്ത ഇ-ട്രഷറി സംവിധാനം തികച്ചും സുതാര്യവും സൗകര്യപ്രദവുമാണ്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി കൈവരിക്കാനുദ്ദേശി ക്കുന്നത്; | പണം കൈമാറ്റത്തിൽ ഇലക്ട്രോണിക് സംവിധാനം നടപ്പിൽ വരുത്തണമെന്ന കേന്ദ്രസർക്കാരിന്റെയും റിസർവ്ബാങ്കിന്റേയും നിർദ്ദേശങ്ങളും ഇ-ട്രഷറി സംവിധാനം വഴി പ്രാപ്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. Physical cash flow നിയന്ത്രിക്കുന്നതിനും ഈ സംവിധാനം വഴി സാധിക്കുന്നു.<br>എസ്.ബി.റ്റി., എസ്.ബി.ഐ, കാനറാ ബാങ്ക് എന്നീ മൂന്ന് |

| | | |
|---|---|---|
| | | ഏജൻസി ബാങ്കുകളെയായിരുന്നു തുടക്കത്തിൽ ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിരുന്നത്. ഇ-ട്രഷറി സംവിധാനം കൂടുതൽ വ്യാപിപ്പിക്കുന്നതിനും കൂടുതൽ ഉപഭോക്താക്കൾക്ക് പ്രസ്തുത സൗകര്യമൊരുക്കുന്നതിനുമായി 9 ബാങ്കുകളെക്കൂടി ഇ-ട്രഷറി സംവിധാനത്തിൽ ഉൾപ്പെടുത്തി 28.2.2014 ലെ സ.ഉ.(പി)നം. 89/2014/ധന.പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. |
| (സി) | ആരെയെല്ലാമാണ് പ്രസ്തുത സംവിധാനവുമായി സംയോജിപ്പിച്ചിരിക്കുന്നത്; | ട്രഷറി, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, എൻ.ഐ.സി., അക്കൗണ്ടന്റ് ജനറൽ, സർക്കാർ അനുമതി ലഭ്യമായ ബാങ്കുകൾ, സംസ്ഥാനത്തെ പ്രധാന വരുമാനദായക സർക്കാർ വകുപ്പുകൾ എന്നിവയാണ് ഇ-ട്രഷറിയുമായി സംയോജിപ്പിച്ചിരിക്കുന്നത്. |
| (ഡി) | പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത് ? | ഇ- ട്രഷറി സംവിധാനം നടപ്പാക്കുന്നതിനായി ഒരു സെൻട്രൽ സെർവ്വർ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ട്രഷറി ഡയറക്ടറേറ്റിൽ എല്ലാവിധ സാങ്കേതിക സൗകര്യങ്ങളാലും സജ്ജമായ ഒരു ഇ- ട്രഷറി ഓഫീസും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ